# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1145** 12/07/2016-ൽ മറുപടിയ്ക്ക്

**"പത്തനംതിട്ടയിലെ മീരാ സാഹിബ് മുനിസിപ്പൽ ബസ് സ്റ്റാന്റ്"**

| ചോദ്യം<br><br>(ശ്രീമതി.വീണാ ജോർജ്) | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പത്തനംതിട്ട നഗരസഭയുടെ നേതൃത്വത്തിൽ പത്തനംതിട്ടയിൽ പണികഴിപ്പിച്ച മീരാ സാഹിബ് മുനിസിപ്പൽ ബസ് സ്റ്റാന്റ് ജീർണ്ണാവസ്ഥയിലായതുമൂലം ജനങ്ങൾ ദുരിതം അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | രണ്ടാം നിലയിലെ കടകൾ ഭൂരിഭാഗവും ലേലത്തിൽ പോയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. നിരവധി തവണ ലേലം നടത്തിയിട്ടും ഡിമാന്റ് ഇല്ലാത്തതിനാൽ കടമുറികൾ ഭൂരിഭാഗവും നാളിതുവരെ ലേലത്തിൽ പോയിട്ടില്ല. |
| (സി) | പത്തനംതിട്ട മുനിസിപ്പാലിറ്റിയുടെ ഭാഗത്ത് നിന്ന് മുനിസിപ്പൽ ബസ് സ്റ്റാന്റ് നവികരണത്തിന് ധനസഹായം തേടിയിട്ടുണ്ടോ വ്യക്തമാക്കുമോ? | (സി) | ഉണ്ട്. നഗരസഭ കെ.യു.ആർ.ഡി. എഫ്.സിയിൽ നിന്ന് 4 1/2 കോടിയോളം രൂപ വായ്പ എടുത്താണ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചത്. കൂടാതെ, ബസ് സ്റ്റാന്റിലെ യാഡ് നവീകരണത്തിനായി മിതമായ പലിശ നിരക്കിൽ നബാഡിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

(ഒപ്പ്)
**സെക്ഷൻ ഓഫീസർ**